APCCF (FMIS)

## പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നടപടി ഉത്തരവ്

**ഹാജർ: ജി.ഹരികുമാർ ഐ.എഫ്.എസ്**

**വിഷയം:** വനംവകുപ്പ് - ശബരിമല മണ്ഡലപൂജ - മകരവിളക്ക് മഹോത്സവം 2015-16 - ശബരിമല സന്നിധാനത്തും പമ്പയിലും വനം വകുപ്പിന്റെ കൺട്രോൾ റൂം സ്ഥാപിച്ച് ജീവനക്കാരെ നിയോഗിച്ചു കൊണ്ടുള്ള ഉത്തരവിൽ ഭേദഗതി വരുത്തി പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

**സൂചന:**
1. 10.10.2015, 28.10.2015 തീയതികളിലെ ഡി2 - 16893/2015 നമ്പർ നടപടി ഉത്തരവുകൾ.
2. കോന്നി റാപ്പിഡ് ആക്ഷൻ ഫോഴ്സ്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ. വി. ജയകൃഷ്ണയുടെ 03.12.2015 തീയതിയിലെ നമ്പർ ഡി.സി.എഫ്/ആർ.എ.എഫ്/പി.ഇ.ആർ/2015 നമ്പർ അപേക്ഷ.

5/12/15

**നടപടി ഉത്തരവ് നമ്പർ ഡി2- 16893/2015 തീയതി : 05..12.2015.**

2015-16 കാലയളവിലെ ശബരിമല മണ്ഡലപൂജ - മകരവിളക്ക് ഉത്സവകാലത്ത് വനം വകുപ്പിന്റെ ഭാഗത്ത് നിന്ന് വേണ്ടുന്ന ക്രമീകരണങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഒരു കോ-ഓർഡിനേറ്ററെ നിയമിച്ചു കൊണ്ടും ശബരിമലയിലും സന്നിധാനത്തും പമ്പയിലും ഫോറസ്റ്റ് കൺട്രോൾ റൂം സ്ഥാപിച്ച് പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കുന്നതിനുള്ള ഉദ്യോഗസ്ഥരെ നിയോഗിച്ചു കൊണ്ടും സൂചന ഒന്ന് പ്രകാരം ഉത്തര വായിരുന്നു. ടി ഉത്തരവ് പ്രകാരം 16.12.2015 മുതൽ 31.12.2015 വരെയുള്ള ശബരിമല കൺട്രോൾ റൂം ഡ്യൂട്ടി കോന്നി റാപ്പിഡ് ആക്ഷൻ ഫോഴ്സ് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (നോൺ കേഡർ) ശ്രീ. വി. ജയകൃഷ്ണയ്ക്കാണ് നൽകിയിരുന്നത്. എന്നാൽ 19.12.2015 മുതൽ 23.12.2015 വരെ ബാംഗ്ലൂരിൽ വച്ച് നടക്കുന്ന വനം. കായിക മേളയിലും തുടർന്ന് 2016 ജനുവരി മൂന്ന് മുതൽ ഒൻപത് വരെ പൂനയിൽ നടക്കുന്ന അഖിലേന്ത്യ സിവിൽ സർവ്വീസ് ടൂർണമെന്റിലും പങ്കെടുക്കേണ്ടതിനാൽ തന്നെ ശബരിമല കൺട്രോൾ റൂം ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കണമെന്ന് കോന്നി റാപ്പിഡ് ആക്ഷൻ ഫോഴ്സ് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (നോൺ കേഡർ) ശ്രീ. വി. ജയകൃഷ്ണ സൂചന രണ്ട് പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് സൂചന (1) ഉത്തരവ് ഭാഗികമായി ഭേദഗതി വരുത്തി ശ്രീ. വി. ജയകൃഷ്ണയെ 16.12.2015 മുതൽ 31.12.2015 വരെയുള്ള ശബരിമല കൺട്രോൾ റൂം ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ടും ടിയാന് പകരം 16.12.2015 മുതൽ 31.12.2015 വരെയുള്ള കാലയളവിൽ ശബരിമല കൺട്രോൾ റൂം ഡ്യൂട്ടിയ്ക്ക് ശ്രീ. എസ്. വിനോദിനെ (അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, എ.സി.എം യൂണിറ്റ്, വനം വകുപ്പാസ്ഥാനം) ശബരിമല കൺട്രോൾ റൂമിൽ സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിച്ചുകൊണ്ടും ഉത്തരവാകുന്നു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ

പകർപ്പ്:

1 ശ്രീ. എസ്. വിനോദ്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, എ.സി.എം യൂണിറ്റ്, വനം വകുപ്പാസ്ഥാനത്തിന് നൽകുന്നു.

2 ശ്രീ. വി. ജയകൃഷ്ണ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, റാപ്പിഡ് ആക്ഷൻ ഫോഴ്സ്, കോന്നിക്ക് നൽകുന്നു.

3 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (ഇ&റ്റി.ഡബ്ള്യൂ), വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം.

4 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (വിജിലൻസ്), വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം.

5 ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, & ഫിൽഡ് ഡയറക്ടർ, പ്രൊജക്ട് ടൈഗർ, കോട്ടയം.

6 ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി/കോന്നി.

7 കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.

8 എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.

9 ബഹു: വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്, കവറിംഗ് ലെറ്റർ സഹിതം.